# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 24.09.2026**

## പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഞായറാഴ്ച കേരളത്തിലെത്തും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ശനിയാഴ്ച സംസ്ഥാനത്തെത്തും.

2. ജനപങ്കാളിത്തവും മൂലധന നിക്ഷേപവും വഴി സംസ്ഥാനത്തെ പുതിയ വികസന യുഗത്തിലേക്ക് നയിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ.

3. ശബരിമലയിൽ അരവണ ഉത്പാദനം വർധിപ്പിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ. ശബരിമലയിലെ നിർമ്മാണ പ്രവൃത്തികൾ അടുത്ത മാസം 31 ഓടെ പൂർത്തിയാക്കും.

4. പ്രശസ്ത സാംസ്കാരിക പ്രവർത്തകനും കലാസംഘാടകനുമായ സൂര്യകൃഷ്ണമൂർത്തിയ്ക്ക് വിട നൽകാനൊരുങ്ങി കലാകേരളം. സംസ്കാരം അല്പസമയത്തിനകം തിരുവനന്തപുരം തൈക്കാട് ശാന്തി കവാടത്തിൽ.

5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

6. അണ്ടർ-17 ദേശീയ സുബ്രതോ കപ്പ് ഫൈനലിൽ കേരളം പഞ്ചാബിനെ നേരിടുന്നു.

******************************

## സേവാ യാത്ര -പ്രധാനമന്ത്രി

സേവനമായിരിക്കണം ജീവിതത്തിന്റെ പ്രധാന ലക്ഷ്യമെന്നും രാഷ്ട്രീയത്തിലും, സേവന മനോഭാവം വഴികാട്ടിയാകണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ഉയർന്ന പദവികളിൽ എത്തുമ്പോഴും ഈ തത്വം മറക്കരുതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. വഡനഗറിൽ നിന്ന് വാരാണസിയിലേക്ക് സഞ്ചരിക്കുന്ന 'സേവാ യാത്രികരുമായി' വീഡിയോ കോൺഫറൻസിംഗ് വഴി നടത്തിയ സംവാദത്തിലാണ് പ്രധാനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

******************************

## ഉപരാഷ്ട്രപതി - കേരളം

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഞായറാഴ്ച കേരളത്തിലെത്തും. കൊല്ലം അമൃതപുരിയിൽ നടക്കുന്ന മാതാ അമൃതാനന്ദമയിയുടെ ജന്മദിനാഘോഷങ്ങളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. തിരുവനന്തപുരത്ത് എസ്.യു.റ്റി അക്കാദമി ഓഫ് മെഡിക്കൽ സയൻസസ് ബിരുദദാന ചടങ്ങിലും ഉപരാഷ്ട്രപതി സംബന്ധിക്കും.

RNU TVPM

******************************

## അമിത് ഷാ -കേരളം

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ശനിയാഴ്ച കേരളത്തിലെത്തും. വിവിധ പരിപാടികളിൽ പങ്കെടുക്കും.

******************************

## മുഖ്യമന്ത്രി -ഉന്നതതല യോഗം

ജനപങ്കാളിത്തവും മൂലധന നിക്ഷേപവും വഴി കേരളത്തെ പുതിയ വികസന യുഗത്തിലേക്ക് നയിക്കുകയാണ് സർക്കാരിന്റെ

ലക്ഷ്യമെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ. 15-ാാം പഞ്ചവത്സര പദ്ധതിയുടെ 2027-28ലെ പദ്ധതി നിർദേശങ്ങൾ രൂപീകരിക്കുന്നതിനുള്ള എറണാകുളം ജില്ലാ ഉന്നതതല യോഗം കാക്കനാട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തീരദേശവും ഹാർബറുകളും പ്രയോജനപ്പെടുത്തി കേരളത്തെ വലിയ തുറമുഖ നഗരമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

*****************************

## സൂര്യകൃഷ്ണമൂർത്തി

പ്രശസ്ത സാംസ്കാരിക പ്രവർത്തകനും കലാസംഘാടകനുമായ സൂര്യകൃഷ്ണമൂർത്തിയ്ക്ക് കലാകേരളത്തിൻറെ വിട. തിരുവനന്തപുരം തൈക്കാടുള്ള വസതിയിൽ പൊതുദർശനത്തിന് വച്ച ഭൗതികദേഹത്തിൽ മന്ത്രിമാരും സാംസ്കാരിക പ്രവർത്തകരും ഉൾപ്പെടെ നിരവധി പേർ ആദരാഞ്ജലി അർപ്പിച്ചു. സംസ്കാര ചടങ്ങുകൾ അല്പസമയത്തിനകം തൈക്കാട് ശാന്തി കവാടത്തിൽ ഔദ്യോഗിക ബഹുമതികളോടെ നടക്കും. കലാകൂട്ടായ്മയായ 'സൂര്യ'യുടെ അമരക്കാരനായ സൂര്യ കൃഷ്ണമൂർത്തി ഇന്നലെയാണ് അന്തരിച്ചത്.

RNU TVPM

*****************************

## ശബരിമല - കെ ജയകുമാർ (INTRO)

ശബരിമലയിൽ അരവണ ഉത്പാദനം വർധിപ്പിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ. ഒരു ലക്ഷം ടിൻ അരവണ അധികമായി ഉത്പാദിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് മാധ്യമങ്ങളോടാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ശബരിമലയിലെ നിർമ്മാണ പ്രവൃത്തികൾ അടുത്ത മാസം 31 ഓടെ പൂർത്തിയാക്കുമെന്നും വലിയ പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തിയാക്കിയതായും ശ്രീ ജയകുമാർ അറിയിച്ചു.

(വോയ്സ്)

*******************************

## ബാങ്ക് പണിമുടക്ക്

ഈ മാസം 28 മുതൽ 30 വരെ സംയുക്ത ബാങ്കിങ് ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്തിരിക്കുന്ന രാജ്യവ്യാപക ബാങ്ക് പണിമുടക്കിന്റെ പശ്ചാത്തലത്തിൽ ഉപഭോക്താക്കൾ തങ്ങളുടെ ബാങ്കിംഗ് ഇടപാടുകൾ മുൻകൂട്ടി ആസൂത്രണം ചെയ്യണമെന്നും ഡിജിറ്റൽ, ഇതര ബാങ്കിംഗ് സേവനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി അറിയിച്ചു. ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളുടെ തടസ്സമില്ലാത്ത ലഭ്യത ഉറപ്പാക്കുന്നതിനും എ.ടി.എമ്മുകളിൽ പണലഭ്യത ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സംസ്ഥാനത്തെ എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകുകയും ചെയ്തു. അതേസമയം എല്ലാ പൊതുമേഖലാ ബാങ്കുകളും പ്രാദേശിക ഗ്രാമീണ ബാങ്കുകളും ഈ മാസം 27 ഞായറാഴ്ച സാധാരണ നിലയിൽ പ്രവർത്തിക്കുമെന്ന് ധനമന്ത്രാലയം അറിയിച്ചു.ദേശീയ പണിമുടക്ക് കണക്കിലെടുത്താണ് നടപടി.

RNU TVPM

*******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*******************************

## ശബരിമല -സ്വർണം

ശബരിമലയിലെ സ്വർണ കിരീടം കവർന്നതായി സംശയം. അമിക്കസ് ക്യൂറി ജസ്റ്റിസ് കെ.ടി.ശങ്കരന്റെ നേതൃത്വത്തിൽ തിരുവാഭരണങ്ങളുടെ കണക്കെടുപ്പ് പുരോഗമിക്കുന്നതിനിടെയാണ് കണ്ടെത്തൽ. 2012ൽ തമിഴ്നാട്ടിൽനിന്നുള്ള ഭക്തർ സമർപ്പിച്ച 55.72 പവൻ തൂക്കമുള്ള സ്വർണക്കിരീടമാണ് കാണാതായത്. മുക്കുപണ്ടം കൊണ്ടുള്ള കിരീടമാണ് നിലവിൽ സ്ട്രോങ് റൂമിലുള്ളത്. നാല് പവന്റെ സ്വർണ്ണമാലയും കാണാതായിട്ടുണ്ട്.

അതേസമയം, സ്വർണകിരീടം കവർന്നതായുള്ള സംശയത്തിൽ അടിസ്ഥാനമില്ലെന്ന് തിരുവാഭരണ കമ്മീഷണർ ദേവസ്വം പ്രസിഡന്റിന് നൽകിയ കത്തിൽ വ്യക്തമാക്കി.

******************************

## ഒടിസി ഹനുമാൻ ക്ഷേത്രം

തിരുവനന്തപുരം നഗരത്തിലെ ഒടിസി ഹനുമാൻ ക്ഷേത്രത്തിലെ തിരുവാഭരണമായ കല്ലുകൾ പതിച്ച വെള്ളിക്കൊമ്പുകൾ കാണാനില്ലെന്ന വിവരം പുറത്തെത്തിയതോടെ നടപടിയുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ്. തിരുവാഭരണ കമ്മിഷണർ ആർ. രജിലാലിൻറെ നേതൃത്വത്തിൽ ഈ മാസം 28ന് സ്ട്രോങ് റൂം തുറന്ന് പരിശോധന നടത്താനാണ് തീരുമാനം. 1992ൽ ഒരു ഭക്തൻ നടയ്ക്കുവച്ചതാണ് വെള്ളിക്കൊമ്പുകൾ.

RNU TVPM

******************************

## ഭാഗ്യക്കുറി - പത്തനംതിട്ട (ഇൻട്രോ)

ഭാഗ്യക്കുറിയെന്നാൽ ഭാഗ്യപരീക്ഷണംമാത്രമല്ല ചരിത്രവുമുണ്ടെന്ന് തെളിയിച്ചിരിക്കുകയാണ് പത്തനംതിട്ട ജില്ലയിലെ പന്തളം കുളനടയിൽ, കെ.ജെ.രാജൻ. ഭാഗ്യക്കുറിയുടെ ചരിത്രം സൂക്ഷിപ്പുകാരൻ കൂടിയാണ് മുൻ സർക്കാർ ഉദ്യോഗസ്ഥനായ ഇദ്ദേഹം.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.......**

(വോയ്സ്)

******************************

## സേവാ സങ്കൽപ്പ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി രാജ്യമെമ്പാടും സേവാ

സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. മിഷൻ കർമ്മയോഗിയിലൂടെ രാജ്യം കൈവരിച്ച നേട്ടങ്ങളാണ് 'സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. ഭാരതീയ മൂല്യങ്ങളിൽ അധിഷ്ഠിതമായി ആഗോള കാഴ്ചപ്പാടുകൾ ഉൾക്കൊണ്ട്, ഭാവി വെല്ലുവിളികളെ നേരിടാൻ സജ്ജമായ സിവിൽ സർവീസിനെ ലക്ഷ്യമിട്ടാണ് 2020 സെപ്റ്റംബറിൽ 'മിഷൻ കർമ്മയോഗി' ആരംഭിച്ചത്. സർക്കാർ ഉദ്യോഗസ്ഥരുടെ ശേഷിയും കഴിവുകളും ശക്തിപ്പെടുത്തുന്നതിനും സിവിൽ സർവീസിനെ കൂടുതൽ ജനകേന്ദ്രീകൃതമാക്കുന്നതിനുമാണ് മിഷൻ കർമ്മയോഗി ലക്ഷ്യമിടുന്നത്.

******************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ഇന്നും നാളെയും ശക്തമായ മഴയ്ക്ക് സാധ്യത. കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. തിരുവനന്തപുരം, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരളം - കർണാടകം – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RJU TVPM

******************************

## സുബ്രതോ കപ്പ് (ഇൻട്രോ)

അണ്ടർ-17 ദേശീയ സുബ്രതോ കപ്പ് ഫൈനലിൽ കേരളം പഞ്ചാബിനെ നേരിടുന്നു. ഒരു മത്സരത്തിലും പരാജയം അറിയാതെയാണ് മലപ്പുറം അത്താണിക്കൽ MIC ഇ എം എച്ച് എസ് എസ്, കേരളത്തെ പ്രതിനിധീകരിച്ച് കളിക്കളത്തിലേക്ക് എത്തുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു....**

(വോയ്സ്)

******************************

## ഏഷ്യൻ ഗെയിംസ്

ജപ്പാനിൽ നടക്കുന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യക്ക് ഇന്നും മെഡൽ നേട്ടം. ഷൂട്ടിംഗ് സ്കീറ്റ് മിക്സ്ഡ് വിഭാഗത്തിൽ അനന്ത് ജീത് സിംഗ് നറുക്കയും പരിനാസ് ധലിവാളും വെങ്കലം നേടി. വനിതകളുടെ 60 കിലോഗ്രാം വുഷുവിൽ റോഷിബിന ദേവി വെള്ളി മെഡൽ സ്വന്തമാക്കി. പുരുഷന്മാരുടെ ഡബിൾ സ്കൾസ് ഇനത്തിൽ സത്നം സിംഗും സൽമാൻ ഖാനും വെങ്കല മെഡൽ നേടി.

******************************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഈ മാസം 27-ന്. പരിപാടിയുടെ 138-ാം പതിപ്പാണിത്. ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും നാളെ വരെ പങ്കുവയ്ക്കാം.

RNU TVPM

******************************

## ആലപ്പുഴ- ധനസഹായം

കാലവർഷക്കെടുതിയിൽ വീടുകളിലും പരിസരങ്ങളിലും പ്രളയജലം കയറി നാശനഷ്ടങ്ങൾ നേരിട്ട ആലപ്പുഴ ജില്ലയിലെ കുടുംബങ്ങൾക്ക് ആശ്വാസമായി സംസ്ഥാന സർക്കാർ **80.07 കോടി** രൂപയുടെ ധനസഹായം അനുവദിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, സംസ്ഥാന ദുരന്ത പ്രതികരണ നിധി എന്നിവയിൽ നിന്നാണ് ഈ തുക ലഭ്യമാക്കിയത്.

*************************************************************************************************

**********************************************